(എ) പ്രായാധിക്യം മൂലമോ രോഗം മൂലമോ വിവിധ തൊഴിലാളി ക്ഷേമനിധികളിൽനിന്ന് റിട്ടയർ ചെയ്യുന്നതിനുള്ള അപേക്ഷ നൽകുന്നവർക്ക് അപേക്ഷ ലഭിച്ച് എത്ര കാലത്തിനുള്ളിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങളും പെൻഷനും അനുവദിക്കാറുണ്ട് എന്ന് പറയാമോ;

(ബി) ബന്ധപ്പെട്ട തൊഴിലാളി ക്ഷേമനിധിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രസ്തുത തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും പെൻഷനും അനുവദിച്ചാലും ജില്ലാ ആഫീസർമാർ പ്രസ്തുത തുക കൊടുക്കുന്നതിൽ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് റിട്ടയർമെന്റ് ആനുകൂല്യവും പെൻഷനും അനുവദിച്ചിട്ടും അത് കൊടുക്കുവാൻ കാലതാമസം വരുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഫെലോഷിപ്പ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. കൊല്ലം ജില്ലാ ആഫീസിൽ ആനുകൂല്യം യഥാസമയം നൽകാതെ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. കൊല്ലം ജില്ലാ ആഫീസറെ ഫെലോഷിപ്പ് ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

യാത്രാക്ലേശം കൂടുതൽ അനുഭവപ്പെടുന്ന ദേശസാൽകൃത റൂട്ടുകളിൽ മിനി ബസ് സർവ്വീസ് അനുവദിക്കുന്നതിന് നടപടി

59 [5615] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ബസ്സുകളുടെ റൂട്ട് നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മിനി ബസ്സുകൾ ലാഭകരമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) യാത്രാക്ലേശം കൂടുതൽ അനുഭവപ്പെടുന്ന ദേശസാൽകൃത റൂട്ടുകളിലെ ഉൾപ്രദേശങ്ങളിലേക്കുകൂടി മിനി ബസ്സിന്റെ സേവനം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശസാൽകൃത റൂട്ടുകളിൽ അനധികൃത സർവ്വീസുകൾ നിരുത്സാഹപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് മിനി ബസ്സുകളുടെ റൂട്ടുകൾ നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക പഠനങ്ങളിൽ മിനി ബസ്സുകൾ ലാഭകരമാണെന്ന് കണ്ടിട്ടുണ്ട്. കൂടുതൽ കാലയളവിലെ വിശദമായ പഠനങ്ങൾക്കു ശേഷമേ ഇക്കാര്യത്തിൽ വ്യക്തമായ ഒരു അഭിപ്രായം പറയാൻ കഴിയുകയുള്ളൂ.

(സി) കൂടുതൽ മിനി ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ്

60 [5616] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾക്ക് മുഖ്യകാരണം ബസ്സുകൾക്ക് അനിയന്ത്രിതമായി പെർമിറ്റ് നൽകുന്നതുമൂലമുള്ള സ്വകാര്യ ബസ്സുകളുടെ മൽസര ഓട്ടമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് ഓരോ സ്ഥലത്തേയും ആവശ്യകത പരിശോധിച്ച് മാത്രം പെർമിറ്റ് നൽകുന്ന രീതി ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾക്ക് മുഖ്യ കാരണം സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടമാണെന്ന് കരുതുന്നില്ല. എന്നാൽ മത്സര ഓട്ടവും കാരണമാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസ്സുകൾക്ക് നിലവിലുള്ള മോട്ടോർ വാഹന നിയമപ്രകാരം പെർമിറ്റ് നൽകുന്നത് നിയന്ത്രിക്കുവാൻ കഴിയില്ല. ബസ്സുകളുടെ മത്സര ഓട്ടം നിയന്ത്രിക്കുന്നതിനും അപകടം കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്ന നടപടി

61 [5617] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് യഥേഷ്ടം സർവ്വീസ് പെർമിറ്റ് നൽകുകവഴി ഈ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അവസ്ഥ ശോചനീയമായി വരികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതി പരിഹരിക്കുന്നതിന് നികുതി ഇളവ് അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നികുതിയിളവ് നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly